**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം :തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ജീവനക്കാര്യം മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് ശ്രീ. സരുൺ.എസ്സിനെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ.LSGD/PD/26097/2024-GEA3 തീയതി:09-10-2025**

പരാമർശം:

1) മലപ്പുറം തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 11.10.2024 തീയതിയിലെ LSGD/JD/MPM/6551/2024-A3 നടപടിക്രമം.

2) പഞ്ചായത്ത് ഡയറക്ടറുടെ 15.07.2021 തീയതിയിലെ PAN/12876/2020-E6(DP) നമ്പർ ഉത്തരവ്.
3) മലപ്പുറം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 08.07.2024 തീയതിയിലെ LSGD/JD/MPM/5347/2023-A4 നമ്പർ കത്ത്.
4) പ്രിൻസിപ്പൽ ഡയറക്ടറുടെ 18.09.2025 തീയതിയിലെ LSGD/PD/26097/2024-GEA3 നമ്പർ നോട്ടീസ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ കേരള പി.എസ്.സി മലപ്പുറം ജില്ലാ ഓഫീസറുടെ 30.12.2013 ലെ നിയമന ശുപാർശ പ്രകാരം സേവനത്തിൽ പ്രവേശിച്ച ശ്രീ. സരുൺ. എസ്സിനെ പരാമർശം(2) പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം(3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ ശ്രീ.സരുൺ.എസ്സ് നിരീക്ഷണകാലം പൂർത്തികരിക്കുന്നതിന് മുൻപ് 03.08.2014 മുതൽ 06.08.2019 വരെ കാലയളവിൽ KSR ഭാഗം I, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചതായും ശൂന്യവേതനാവധി കഴിഞ്ഞ് ടിയാൻ 07.08.2019 തീയതിയിലാണ് തിരികെ സേവനത്തിൽ പ്രവേശിച്ചത് എന്നും അറിയാൻ കഴിഞ്ഞു. ടി തീയതി അടിസ്ഥാനമാക്കി ടിയാനെ ജില്ലാതല സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. സരുൺ.എസ്സ്.നെ 07.08.2019 തീയതി അടിസ്ഥാനമാക്കി പാരമർശം(2) സീനിയോരിറ്റി പട്ടികയിൽ ക്രമനം. 156 ശ്രീ. അരുൺ വി എസ്സിനും ക്രമനം. 157 ഷർജിത്ത് ലാൽ സി ക്കും ഇടയിൽ 156എ ആയി താത്ക്കാലികമായി ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു.

പ്രസ്തുത താത്ക്കാലിക തീരുമാനത്തിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ.സരുൺ.എസ്സിനെ മേൽ പറയും പ്രകാരം സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**Geromic George IAS**
**PRINCIPAL DIRECTOR**

പകർപ്പ്:
1. എല്ലാ ജില്ലാജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ.സരുൺ.എസ്സ്(ജില്ലാജോയിന്റ് ഡയറക്ടർ മുഖാന്തിരം)

3. ജൂനിയർ സൂപ്രണ്ട്(DEC-സെക്ഷൻ)
4. സിസ്റ്റം മാനേജർ(വെബ് സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 09-10-2025 08:52:45